LIBRARY ARCHIVES Kerala Legislative Assembly

കടലാക്രമണ നഷ്ടപരിഹാരം

150 (154) ശ്രീ. എ. പ്രദീപ്കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ കടലാക്രമണം കാരണം മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ആരിൽ നിന്നെല്ലാമാണ് അപേക്ഷകൾ ലഭിച്ചതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷകരുടെ പേരും മേൽവിലാസവും, അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശവും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1-1-2015 മുതൽ കോഴിക്കോട് ജില്ലയിൽ കടലാക്രമണം കാരണം മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് അപേക്ഷ നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു:

1. ശ്രീ. മഹേഷ്.ടി, ളുവക്കാട് പറമ്പിൽ, ചേമഞ്ചേരി - ബോട്ട് തകർന്നത്.
2. ശ്രീ. ടി. എ. വിജയരാജൻ, S/o. രാജൻ, പുതിയാപ്പ.

(ബി) (1) ശ്രീ. മഹേഷ്. ടി, ളുവക്കാട് പറമ്പിൽ, ചേമഞ്ചേരി - ടിയന്റെ ബോട്ട് 7-3-2015-ാം തീയതി പുതിയാപ്പ ഹാർബറിൽ വച്ച് തകരുകയുണ്ടായി. ഈ അപേക്ഷ നഷ്ടം കണക്കാക്കുന്നതിനും തുടർ നടപടികൾക്കുമായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരിക്കുന്നു.

(2) ശ്രീ. ടി. എ. വിജയരാജൻ S/o രാജൻ, പുതിയാപ്പ എന്നയാളുടെ സൗപർണിക എന്ന ബോട്ട് 29-4-2015-ൽ കടൽക്ഷോഭത്തിൽ മുങ്ങിപ്പോയി. മേൽ അപേക്ഷയും നഷ്ടം കണക്കാക്കുന്നതിനും തുടർനടപടികൾക്കുമായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരിക്കുകയാണ്.

വൈപ്പിൻ മണ്ഡലത്തിലെ പ്രവർത്തനം

151 (155) ശ്രീ. എസ്. ശർമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം വൈപ്പിൻ മണ്ഡലത്തിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെ ; ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെയെന്ന് തീരുമാനിക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം എം.എൽ.എ.-യുമായോ, മറ്റ് ജനപ്രതിനിധികളുമായോ കൂടിയാലോചന നടത്തുന്നതിന് നിർദ്ദേശം നൽകുമോ ?